# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

ജി.എൽ.പി.സ്കൂൾ
വെട്ടിയൊഴിഞ്ഞതോട്ടം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025
# ജി എൽ പി സ്കൂൾ വെട്ടിഒഴിഞ്ഞതോട്ടം

**ആമുഖം**

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പഞ്ചായത്തിൽ ഉൾപ്പെടുന്ന വെട്ടിഒഴിഞ്ഞതോട്ടം എന്ന മലയോര പ്രദേശത്താണ് ഗവൺമെൻറ് എൽ പി സ്കൂൾ വെട്ടിഒഴിഞ്ഞതോട്ടം സ്ഥിതി ചെയ്യുന്നത്. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണിത്.

വിദ്യാലയത്തിൽ ഈ വർഷം 119 കുട്ടികളാണുള്ളത്. 6 അധ്യാപകർ ഉണ്ട്.നല്ല ക്ലാസ് മുറികളും കുട്ടികൾക്ക് കളിക്കാനും കായിക പരിശീലനത്തിനും വിശാലമായ ഗ്രൗണ്ടും ഉണ്ട്. എല്ലാ ക്ലാസ് മുറികളിലും സ്മാർട്ട് ടിവി സ്ഥാപിച്ചിട്ടുണ്ട്. വൃത്തിയുള്ള അടുക്കളയും സ്റ്റോർ റൂമും ഉണ്ട്. ധാരാളം പുസ്തകങ്ങളുള്ള സ്കൂൾ ലൈബ്രറിയും സ്റ്റാഫ് റൂം ലൈബ്രറിയും ഉണ്ട്. എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറികൾ സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണം നൽകുന്നു. കൂടാതെ പ്രഭാത ഭക്ഷണമായി പൊടിയരിക്കഞ്ഞിയും പിടിഎയുടെ സഹകരണത്തോടെ നൽകുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. അക്കാദമിക രംഗത്തെ മികവിന് ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നു. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നുണ്ട്.

ഗുണമേന്മയുള്ള പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് പിടിഎയുടെ ഇടപെടലും നാട്ടുകാർ, ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ പൂർണ്ണ സഹകരണവും ലഭിക്കുന്നു. ശിശു സൗഹൃദമായ പഠനാന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് പൊതുസമൂഹത്തിന്റെ അംഗീകാരമാണ് കാണിക്കുന്നത്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ,പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും വിദ്യാലയം ശ്രമിക്കുന്നതാണ്. അക്കാദമിക ആസൂത്രണവും വിലയിരുത്തലും കാര്യക്ഷമമായി നടത്തുന്ന സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് സജീവമായി പ്രവർത്തിക്കുന്നു.

## ലക്ഷ്യങ്ങൾ

# അക്കാദമിക പ്രവർത്തനങ്ങളുടെ നിലവാരം വർധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
# ഓരോ കുട്ടിയും പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുന്നു എന്ന് ഉറപ്പുവരുത്തുക.
# എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക.
# സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
# ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുക.
# പഠനത്തെ പരിസര ബന്ധിയും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവുമാക്കാൻ സ്കൂൾ ക്യാമ്പസിനെ വികസിപ്പിക്കുക.
# പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമാർജന അവബോധം, ശാസ്ത്രാവബോധം വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ നൽകുക.
# പാഴ്വസ്തുപരിപാലന പദ്ധതികൾ, ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം എന്നീ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുക.
# വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുക.
# ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

## അക്കാദമി മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

@ ഭാഷാശേഷി വികസനം
@ ഗണിതശേഷി വികസനം
@ ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
@ വായനശേഷി വർദ്ധിപ്പിക്കൽ
@ ശാസ്ത്ര പോഷണ പരിപാടി
@ ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
@ സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
@ സ്കൂൾ പത്രം മാസിക
@ ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

## പരിസര പഠനം

തന്റെ ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ആഹ്ലാദപൂർവ്വം അന്വേഷിക്കാനും അതുമായി ഇണങ്ങിച്ചേരാനും സഹായകമായ അനുഭവങ്ങളാണ് പരിസര പഠനത്തിലൂടെ പ്രൈമറി ക്ലാസിലെ കുട്ടിക്ക് ലഭിക്കേണ്ടത്. കുട്ടിയിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക, ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക, സമൂഹത്തിൽ ഉത്തമ പൗരനായി വളരുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക എന്നീ ലക്ഷ്യങ്ങളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല |
|---|---|---|---|---|
| ശുചിത്വബോധം<br>വ്യക്തി ശുചിത്വം<br>പരിസര ശുചിത്വം | സർവ്വേ<br><br>പോസ്റ്റർ രചന | ശുചിത്വ സർവ്വേ<br><br>പോസ്റ്റർ രചനാ മത്സരം | ജൂൺ - ജൂലായ്<br><br>ജൂലായ് | SRG<br><br>SRG |
| പ്രകൃതി വിഭവ സംരക്ഷണത്തിൽ ഏർപ്പെടുന്നതിന് | പരിസ്ഥിതി സംരക്ഷണം | ജൈവവൈവിധ്യ പാർക്ക് സംരക്ഷണം<br>ജലസ്രോതസ്സുകളുടെ സംരക്ഷണത്തിൽ ഏർപ്പെടൽ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ജൂൺ - മാർച്ച് | SRG<br>പരിസ്ഥിതി ക്ലബ് |
| ലഹരി വലിയ വിപത്ത് എന്ന് തിരിച്ചറിയുന്നതിനും ലഹരിക്കെതിരെ പോരാടുന്നതിനും | പോസ്റ്റർ രചന<br><br>ബോധവൽക്കരണ ക്ലാസ് | ലഹരിക്കെതിരെ പോസ്റ്റർ രചന നടത്തുന്നു<br><br>ലഹരിയുടെ ദൂഷ്യഫലങ്ങൾ - ബോധവത്കരണ ക്ലാസ് | ജൂൺ<br><br>ഒക്ടോബർ | SRG<br><br>SRG |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക . | ഫീൽഡ് ട്രിപ്പ്<br><br>പരീക്ഷണങ്ങൾ<br><br>ചുമർപത്രിക | നമ്മുടെ നാടിനെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക .<br>ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു .<br><br>ശാസ്ത്രജ്ഞന്മാരെ അടുത്തറിയാൻ അവരെ കുറിച്ചുള്ള ചുമർ തയ്യാറാക്കുന്നു | ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച് | SRG<br><br>SRG<br><br>SRG<br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക . | ശാസ്ത്ര വാർത്തകൾ | ദിനപത്രങ്ങളിൽ നിന്ന് ശാസ്ത്രവുമായി ബന്ധപ്പെട്ടുള്ള വാർത്തകൾ ശേഖരിച്ച് ഒട്ടിക്കൽ . | ആഗസ്റ്റ് ഡിസംബർ മാർച്ച് | SRG സയൻസ് ക്ലബ് |
| | ദിനാചരണങ്ങൾ | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക. | ജൂൺ - മാർച്ച് | SRG സയൻസ് ക്ലബ് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക . | ശാസ്ത്രമേള | സ്കൂൾതല ശാസ്ത്രമേള, സബ്ജില്ലാതല ശാസ്ത്രമേള . കുട്ടികളെ ശാസ്ത്രമേളകളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കൽ . | ആഗസ്റ്റ്- ഒക്ടോബർ | SRG സയൻസ് ക്ലബ് |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ . പ്രത്യേകതകൾ മനസ്സിലാക്കാം . വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം . നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നം അന്വേഷിച്ചറിയൽ, സ്വയം തിരുത്തൽ . പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യൻറെ ചില ഇടപെടലുകൾ മനസ്സിലാക്കാം. | ജൂൺ- ഒക്ടോബർ | SRG സയൻസ് ക്ലബ് |
| | പൂന്തോട്ടം ഒരുക്കാം | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ , വീട്ടിൽ പൂന്തോട്ടം ഒരുക്കം . | | |
| | ഒരു തൈ നടാം | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ , നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ- മാർച്ച് | SRG പരിസ്ഥിതി ക്ലബ് |

| | | | | |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കൾ പ്രത്യേകതകളും തിരിച്ചറിയുക | ദാഹജലം | പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം . | ജനുവരി - മാർച്ച് | SRG പരിസ്ഥിതി ക്ലബ് |
| | ഭക്ഷ്യമേള | നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷ്യ വസ്തുക്കളുടെ പ്രദർശനം . | ജൂൺ- ഡിസംബർ | SRG ക്ലാസ് അധ്യാപകർ |
| | ബോധവൽക്കരണ ക്ലാസ് | ഭക്ഷണരീതിയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് . | ജൂലൈ | SRG |

## മലയാളം

വിദ്യാർത്ഥികൾക്ക് മാതൃഭാഷയിൽ തങ്ങളുടെ ആശയങ്ങൾ പ്രകടമാക്കുന്നതിന് കഴിവുണ്ടാകേണ്ടത് അനിവാര്യമാണ്. വായിച്ച് ആശയം ലഭിക്കുന്നതിനും അവ്യ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അനായാസം പ്രകടമാക്കുന്നതിനും പ്രൈമറി ക്ലാസുകളിൽ തന്നെ ശേഷി നേടേണ്ടതുണ്ട്. സർഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വ്യത്യസ്ത അവസരങ്ങളും വിദ്യാലയത്തിൽ ഒരുക്കണം.
അതിനായുള്ള പ്രവർത്തനങ്ങൾ തികച്ചും നൈസർഗികവും കുട്ടികളുടെ താല്പര്യമുണർത്തുന്നതും ആയിരിക്കണം. സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പഠനപിന്തുണ സംവിധാനങ്ങൾ ഒരുക്കി ഭാഷാ പഠനത്തിൽ മികവു കൈ വരുത്തുകയാണ് പ്രധാന ലക്ഷ്യം.

### ലക്ഷ്യങ്ങൾ

# വിദ്യാർത്ഥികൾക്ക് ഭാഷയിൽ ആസ്വാദ്യകരമായ പഠനം ഉറപ്പാക്കുക.
# ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
# വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ സമഗ്രമായ ആശയവിനിമയം സാധ്യമാക്കുക.

### പൊതു തത്വങ്ങൾ

കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
സർഗാത്മതക്കും സ്വയം പഠനത്തിനും പ്രാധാന്യം.
സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (വായന) | വായിക്കാം വളരാം. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ - ഡിസംബർ | SRG ക്ലാസ് ടീച്ചർ |
| | ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം . | ക്ലാസ് ലൈബ്രറി പുസ്തക വിതരണം സമഗ്രമാക്കുന്നു. വായിച്ച പുസ്തകങ്ങളെ പറ്റി കുട്ടികൾ സംസാരിക്കുന്നു. | ജൂൺ - ഫെബ്രുവരി | SRG ക്ലാസ് ടീച്ചർ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ലേഖനം) | വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് | വായിച്ച പുസ്തകങ്ങളെ കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. മികച്ചവയ്ക്ക് അംഗീകാരം. | ജൂൺ - ഫെബ്രുവരി | SRG ക്ലാസ് ടീച്ചര് |
| | അനുഭവക്കുറിപ്പ് | കുട്ടികൾ അവരുടെ അനുഭവങ്ങൾ എഴുതുന്നു. | | |
| | എഴുതാം തെളിയാം | ആസ്വാദനക്കുറിപ്പുകളും | | SRG |

| | | | | |
|---|---|---|---|---|
| | | അനുഭവങ്ങളും മെച്ചപ്പെടുത്തി എഴുതുന്നു. ഗ്രൂപ്പിൽ പങ്കുവെച്ച് മികച്ചവ തിരഞ്ഞെടുക്കുന്നു. | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| സർഗാത്മക രചന മെച്ചപ്പെടുത്തൽ | ക്ലാസ് മാഗസിനുകൾ തയ്യാറാക്കൽ. | കുട്ടികളുടെ വിവിധതരം സർഗാത്മക സൃഷ്ടികൾ ചേർത്ത് മാഗസിൻ തയ്യാറാക്കുന്നു. | ആഗസ്റ്റ്- ഫെബ്രുവരി | SRG വിദ്യാരംഗം |
| | സാഹിത്യകാരന്മാരു മായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കൽ | ഗ്രന്ഥങ്ങൾ പരിചയപ്പെടൽ, കൃതികളിലെ ഭാഗങ്ങൾ വായിക്കൽ. | ജൂലൈ - ഫെബ്രുവരി | SRG വിദ്യാരംഗം |
| | കണ്ടറിയാം കേട്ടറിയാം. | ഡോക്യുമെൻററികൾ, പഠനവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ. | | |
| | കലക്കൂട്ട് | വിവിധ കലാരൂപങ്ങൾ - വീഡിയോ പ്രദർശനം | | |
| | സ്കൂൾ മാഗസിൻ | വിവിധ ക്ലാസ് മാഗസിനുകളിലെ സൃഷ്ടികൾ ചേർത്ത് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | സെപ്റ്റംബർ, ജനുവരി | SRG വിദ്യാരംഗം |

# അറബി

**ആമുഖം**

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ listening speaking reading writing എന്നീ നാല് ഭാഷ ശേഷികൾ പ്രാഥമികവും ലളിതവുമായി ഉണ്ടാക്കാൻ കുട്ടികൾക്കാവശ്യമായ ആസൂത്രണങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഭാഷ സ്വതന്ത്രമായി ഉപയോഗിച്ചാൽ അതുവഴി കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കുക എന്നതും പ്രധാനമാണ്.
പക്ഷേ പഠനത്തിൽ ആർജിതശേഷികൾ കൈവരിക്കുന്നതിനും അറബി ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ മാസ്റ്റർ പ്ലാൻ ഊന്നൽ നൽകിയിട്ടുള്ളത്.

**ക്ലാസ് 1**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയുമായി പരിചയമുണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക. | ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിനുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക. | ജൂൺ - മാർച്ച് | അറബിക് ക്ലബ്ബ് അധ്യാപകർ | അധ്യാപകർ |
| അക്ഷര രൂപ വ്യത്യാസം മനസ്സിലാക്കുക . | അക്ഷരവായന ക്ലാസ് വായന ചിത്ര വായന അക്ഷര കാർഡുകൾ ഉപയോഗിച്ച് കളികൾ. | ജൂൺ - മാർച്ച് | അറബിക് ക്ലബ്ബ് അധ്യാപകർ | |
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ്. എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോടുകൂടി എഴുതാനുള്ള കഴിവ് വളർത്തുക. ലളിതമായ പദങ്ങൾ | ഇ വായന, ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടിയെഴുതാൻ പരിശീലിപ്പിക്കുക, അക്ഷര കാർഡ് നിർമ്മാണം. | ജൂൺ - മാർച്ച് | അറബിക് ക്ലബ്ബ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| എഴുതാനുള്ള കഴിവ് നേടുക. | | | | |

ക്ലാസ് 2

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തിയെടുക്കുക. | ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക. ക്ലാസ്സിൽ അറബി സംഭാഷണം . കാർട്ടൂൺ പ്രദർശനം. ലാംഗ്വേജ് ഗെയിംസ് . ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക. സ്കിറ്റുകളുടെ അവതരണം. | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ |
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക . | ലൈബ്രറി വായന, ചിത്രകഥ വായന, വീട്ടുവായന, ക്ലാസ് വായന, വായന മത്സരങ്ങൾ, ഇ വായന. | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | |
| സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക. ചെറുവാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ ആർജിക്കുക . | വിശേഷദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക. ഇ വായന. | | | |

ക്ലാസ് 3

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ലളിതമായ രീതിയിൽ അറബിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് നേടുക. | ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിനലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക. ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക. കാർട്ടൂൺ പ്രദർശനം | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| സ്വതന്ത്രമായ വായനക്ക് പ്രാപ്തരാക്കൽ. | ലാംഗ്വേജ് ഗെയിംസ്. ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക. സ്കിറ്റുകളുടെ അവതരണം. | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക. | ലൈബ്രറി വായന. ചിത്രകഥ വായന. വീട്ടു വായന. ക്ലാസ് വായന. വായന മത്സരങ്ങൾ | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| ഒരു ദിനം ഒരു അറിവ് പദ്ധതി | വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ ചോദ്യവും ഉത്തരവും നൽകുന്നു. | | | |

ക്ലാസ് 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| നിത്യജീവിതത്തിൽ അറബിയിൽ ആശയവിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക. | ഇ ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുക. ക്ലാസിൽ അറബി സംഭാഷണം കാർട്ടൂൺ പ്രദർശനം | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |

| | | | | |
|---|---|---|---|---|
| | ലാംഗ്വേജ് ഗെയിംസ് പ്രസംഗ മത്സരം അറബിക് അസംബ്ലി. | | | |
| സ്വതന്ത്രമായ വായനക്ക് ശേഷി വർദ്ധിപ്പിക്കുക. കുട്ടികളിൽ വായന താൽപര്യം ജനിപ്പിക്കുകയും അതിലൂടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക. | ലൈബ്രറി വായന ചിത്രകഥ വായന വീട്ടു വായന ക്ലാസ് വായന വായന മത്സരങ്ങൾ ഇ വായന | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| A word in different languages project | ഐൻ അറബിക് ക്ലബ് നോട്ടീസ് ബോർഡിൽ ഒരു വസ്തുവിന്റെ പേര് അറബി, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |

# ENGLISH

| Aims | Activities | Period | Responsibility | Financial |
|---|---|---|---|---|
| Provide a platform for students to practice and improve their English language skills fostering confidence and communication abilities. | English assembly | Every Wednesday | Class teacher English club | |
| Performs events such as role play, skit in English with appropriate expressions . | English theatre | June March | English club | PTA |
| improve language skills, enhance vocabulary, provide exposure to diversee writing styles, foster a love for literature. | English magazine | Every month from June to March | English club | PTA |
| Expand vocabulary and learn to use new words in different contexts. | English vocabulary enrichment program 'one day one word' | Every Monday to Friday | English club | PTA |
| Improve reading with fluency and accuracy, Express ideas clearly and confidently in English . | 'Kids voice' Students radio program | Every Friday | English club | |
| improve English speaking skills. Practice conversation. Build confidence in using English . | 'English corner ' Student practice speaking English in an informal setting . | Once every 2 weeks .\ | English club | |

ഗണിതം

**ജിഎൽപിഎസ് വെട്ടിയൊഴിഞ്ഞതോട്ടം**

**ആമുഖവും ലക്ഷ്യങ്ങളും**

ഗണിത പഠനം കുട്ടികൾക്ക് രസകരവും ആയാസരഹിതവുമായ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ക്ലാസുകളിൽ നടപ്പാക്കുകയും, ഗണിത പഠനത്തിന് അനുയോജ്യമായി വിദ്യാലയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ എല്ലാ കുട്ടികളെയും നാലാം ക്ലാസ് കഴിയുമ്പോഴേക്കും ഗണിതത്തിന്റെ അടിസ്ഥാനശേഷികളിൽ പ്രാവീണ്യമുള്ളവരാക്കുക എന്നതാണ് ഈ വിദ്യാലയം ലക്ഷ്യമിടുന്നത്. 2025-26 അധ്യായന വർഷം നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളിൽ രണ്ട്, മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് പ്രീ ടെസ്റ്റ് നടത്തി അവരിൽ ഗണിതശേഷികൾ ആർജ്ജിച്ചതിലുള്ള പോരായ്മകൾ കണ്ടെത്തി ഓരോ ക്ലാസുകളിലെയും പിന്നോക്കക്കാരെ കൂടുതൽ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് എത്തിക്കുകയും മുന്നോക്കം നിൽക്കുന്നവരെ കൂടുതൽ പ്രവർത്തനങ്ങൾ ഒരുക്കി പ്രതിഭാധനരാക്കുന്നതിനും ഉള്ള സാഹചര്യം സൃഷ്ടിക്കാനും വിദ്യാലയം തുടക്കം കുറിക്കുകയാണ്.

എല്ലാ ക്ലാസുകൾക്കും ഉപയോഗിക്കാവുന്ന പഠന സാമഗ്രികളും ഈ വിദ്യാലയം ഒരുക്കുന്നു. പിടിഎ, എസ് എം സി, എസ് ആർ ജി, ഗ്രാമപഞ്ചായത്ത് ,സന്നദ്ധ സംഘടനകൾ അധ്യാപകർ എന്നിവരുടെ സഹായത്തോടെ ഗണിതലാബും, ഗണിത മൂലയും വിവിധ പഠനോപകരണങ്ങളും ഒരുക്കേണ്ടതുണ്ട്. നിലവിലുള്ളവ കേടുപാടുകൾ തീർത്ത് ഉപയോഗിക്കുകയും പുതിയവ വാങ്ങുകയും എല്ലാം കുട്ടികൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാനും കേടുവരാതെ സൂക്ഷിച്ചുവയ്ക്കാനും കഴിയുന്ന രീതിയിൽ സജ്ജീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

ഓരോ ഘട്ടത്തിലും കുട്ടികളുടെ പുരോഗതി വിലയിരുത്തുകയും എസ് ആർ ജി ക്ലാസ് പിടിഎ എന്നിവയിൽ ചർച്ച ചെയ്യുന്നതിന് പുറമേ രക്ഷിതാക്കളുമായി വ്യക്തിഗത ചർച്ചയിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തി എല്ലാ കുട്ടികളെയും പരമാവധി നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്ന ഒരു തുടർ പ്രക്രിയയാണ് ലക്ഷ്യം വയ്ക്കുന്നത്.

**ഗണിത പഠനത്തിനായി സ്കൂളിൽ സജ്ജീകരിക്കുന്നവ**

സംഖ്യാ കാർഡുകൾ, കളി നോട്ടുകൾ, അബാക്കസ്, ജിയോ ബോർഡ്, സംഖ്യ പോക്കറ്റുകൾ, ഈർക്കിൽ കെട്ടുകൾ, മുത്തുകൾ, ജാമിതീയ രൂപങ്ങൾ, ബ്ലോക്കുകൾ, കലണ്ടറുകൾ, ക്ലോക്കുകൾ, സ്കെയിലുകൾ, അളവുടാപ്പുകൾ, അളവുപാത്രങ്ങൾ, തൂക്കകട്ടികൾ, ത്രാസ്, കളർ പേപ്പറുകൾ, കാർഡ്ബോർഡ്, സൺ പാക്ക് ഷീറ്റ്, കത്രിക, പശ, ക്രയോൺസ്, സ്കെച്ച് ,മാർക്കറുകൾ, ചാർട്ട് പേപ്പർ, ഗണിത ലൈബ്രറി പുസ്തകങ്ങൾ, ഗണിത പസിലുകൾ, മാന്ത്രിക ചതുരങ്ങൾ, നാണയങ്ങൾ, പാമ്പും ഏണിയും, ലൂഡോ ബോർഡ്, നമ്പർ ചാർട്ട്, ഡൈസുകൾ, തുടങ്ങി എല്ലാ വിവിധ പഠനോപകരണങ്ങൾ, ഗണിത ഗാനങ്ങൾ, ഗണിത കഥകൾ, ഗണിത ചൊല്ലുകൾ, ഗണിത ശാസ്ത്രജ്ഞന്മാരെ കുറിച്ചുള്ള ലഘു കുറിപ്പുകൾ.വിവിധതരം സംഖ്യാ പാറ്റേണുകളും ജാമിതീയ പാറ്റേണുകളും

| | | | |
|---|---|---|---|
| ഗണിത ലൈബ്രറി | സ്കൂളിൽ ലഭ്യമായ ഗണിത ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തി ലൈബ്രറി പ്രത്യേകം സജ്ജീകരിക്കുന്നു അതാത് ക്ലാസുകൾക്ക് ആവശ്യമായ പുസ്തകങ്ങൾ ആഴ്ചയിൽ ഒരിക്കൽ ലഭ്യമാക്കുന്നു | ജൂലൈ മുതൽ | സ്കൂൾ ലൈബ്രറി ചാർജുള്ള അധ്യാപിക ക്ലാസ് അധ്യാപകർ എസ്.ആർ.ജി കൺവീനർ |
| **പ്രവർത്തനങ്ങൾ** | **വിശദീകരണം** | **കാലം** | **ചുമതല** |
| ഗണിത ലാബ് | മൂന്ന് നാല് ക്ലാസുകൾക്ക് ഉപയോഗിക്കേണ്ട (കട്ടൗട്ടുകൾ, സ്കെയിലുകൾ, അളവു ടേപ്പുകൾ, തുക്കകട്ടികൾ, ത്രാസ് ,നാണയങ്ങൾ, കളിനോട്ടുകൾ ,ഡൈസ് പാമ്പും ഏണിയും, വൃത്തസ്തംഭം ത്രികോണസ്തംഭം, ചതുരസ്തംഭം ഗോളം, കോമ്പസ്, അബാക്കസ്, സ്ഥാനവില പോക്കറ്റ്, സംഖ്യ പോക്കറ്റ് ,ടോക്കണുകൾ, കലണ്ടറുകൾ ക്ലോക്കുകൾ etc എന്നിവയുടെ ക്രമീകരണം. | ജൂലൈ മുതൽ (ലഭ്യമായവ) | ക്ലാസ് അധ്യാപകർ 3,4 ക്ലാസുകൾ |
| ശില്പശാല | ഓരോ ക്ലാസിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ നിർമിക്കുന്നതിന് രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ | ജൂലൈ, ആഗസ്റ്റ് വിവിധ തീയതികൾ | രക്ഷിതാക്കൾ,അധ്യാപകർ പ്രാദേശിക റിസോഴ്സ് പേഴ്സൺ |

| | | | |
|---|---|---|---|
| പ്രീ ടെസ്റ്റ് പരിഹാരബോധനം | 2,3,4 ക്ലാസുകളിലെ കുട്ടികളുടെ നിലവിലെ സ്ഥിതി വിലയിരുത്തി പിന്നോക്കക്കാർക്കുള്ള ക്ലാസുകൾ ആരംഭിക്കുന്നു. ആഴ്ചയിൽ രണ്ട് ദിവസം. മുന്നോക്കക്കാർക്ക് കൂടുതൽ മെച്ചപ്പെടുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് ചെയ്യുന്നതിന് അവസരം നൽകൽ. | ജൂൺ | അതതു ക്ലാസ് അധ്യാപകർ എസ്.ആർ.ജി കൺവീനർ പ്രധാനാധ്യാപകർ |

| **പ്രവർത്തനങ്ങൾ** | **വിശദീകരണം** | **കാലം** | **ചുമതല** |
|---|---|---|---|
| ഗണിത ക്ലബ്ബ് | ക്ലബ് രൂപീകരണം വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകി ഉപജില്ലാ മത്സരത്തിന് തയ്യാറാക്കൽ. വർഷം മുഴുവൻ വിവിധ പരിപാടികൾ സംഘടിപ്പിക്കൽ Lss ഗണിത പരിശീലനം | ജൂൺ മുതൽ | ക്ലബ് കൺവീനർ |
| ഗണിത മൂല | ഓരോക്ലാസിലും സജ്ജീകരിക്കുന്നു. | ജൂൺ | SRG കൺവീനർ |
| ഗണിതപ്പെട്ടി | ഓരോ കുട്ടിയ്ക്കും ഗണിതപ്രവർത്തനങ്ങൾക്ക് | ജൂലൈ | ക്ലാസ് അധ്യാപകർ രക്ഷിതാക്കൾ |

| ദിനാചരണങ്ങൾ | ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ | അതാത് ദിവസം | ക്ലബ് കൺവീനർ |
|---|---|---|---|